# കുട്ടനാടിന്റെ ദുരന്തം

രാജ്യത്തിന്നു് മുഴുവനും അതൊരു സാധനപാഠമാണ്

ഡോക്ടർ കെ. ഭാസ്കരൻനായർ

**അ**ൻപതിൽപരം വർഷങ്ങൾക്കു മുമ്പ്, സ്കൂളിൽ പഠിക്കുന്ന കാലത്ത്, രണ്ടു മൂന്നു പ്രാവശ്യം ഞാൻ കുട്ടനാട്ടിൽ പോയി ഏതാനും ദിവസം താമസിച്ചിട്ടുണ്ട്. അന്ന് ആ പ്രദേശം എന്നെ എത്രമാത്രം ആകർഷിച്ചു എന്നും ആനന്ദിപ്പിച്ചു എന്നും പറഞ്ഞറിയിക്കുവാൻ പ്രയാസം. ഏറെക്കുറെ ഒരേ ആറുവഴിക്കുതന്നെ എന്നു പറയാമെങ്കിലും, ഞാൻ ജനിച്ചുവളർന്ന നാട്ടിൻപുറവും ആ ജലപ്രപഞ്ചവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ടായിരുന്നു. ഞങ്ങളുടെ ദിക്കിൽ എങ്ങോട്ടു നോക്കിയാലും കുന്നും മലയും മരങ്ങളും, കേറിയും ഇറങ്ങിയും വളഞ്ഞു പുളഞ്ഞു പോകുന്ന ഇടുങ്ങിയ വഴികളും ഇടയ്ക്കിടയ്ക്ക് ചെറിയ പാടങ്ങളുമാണ് കാണുന്നത്. പക്ഷേ, കുട്ടനാട്ടിൽ എവിടെയും വെള്ളംതന്നെ വെള്ളം! ദ്രാവകങ്ങൾ പൊക്കവും താഴ്ചയുമില്ലാതെ സ്വയം നിരപ്പൊത്തു കിടക്കുമെന്നുള്ളതു കൊണ്ട് ഇത് എപ്പോഴും ഒരു സമതല പ്രതീതിയെ ജനിപ്പിക്കുന്നു. സ്ഥലക്കുറവുള്ള കടകളിലും മററും ചുമരുകളിൽ മുഴുവനും കണ്ണാടി പതിച്ച് വിശാലതയുടെ മായാബോധം സൃഷ്ടിക്കുന്നതു പോലെ. ഈ ജലപ്പരപ്പിന്റെ പ്രതിഫലനംകൊണ്ട്, കുട്ടനാട്ടിൽ എവിടെനിന്നാലും മുകളിലും താഴെയും ആകാശമാണെന്നു തോന്നും. നിലാവുള്ള രാത്രികാലത്തു് ഈ പ്രദേശം ഒരു സൗന്ദര്യലോകമായിമാറുന്നു. അപ്പോൾ കുട്ടനാട്ടിലൂടെ വള്ളത്തിൽ സഞ്ചരിക്കുന്നത് അത്യദ്ഭുതകരമായ ഒരു അനുഭൂതിയാണ്. പണ്ട് പദ്മാ നദിയിൽവെച്ച് രവീന്ദ്രനാഥടാഗൂറിനു സംഭവിച്ചതുപോലെ, ഏകാകിയായ യാത്രക്കാരൻ അപ്പോൾ ധ്യാനസമാധിയിൽ ലയിച്ചുപോകും. നാലുപാടും നിറഞ്ഞുകിടക്കുന്നത് കാന്തിനദിയോ ശാന്തിനദിയോ എന്നു സംശയിക്കും. അവിടെ താമസിച്ചപ്പോൾ കൊതുമ്പുവള്ളത്തിൽ തന്നത്താൻ തുഴഞ്ഞും ഊന്നുവള്ളത്തിൽ മററാളുകളുടെ സഹായത്തോടെയും പല തവണ യാത്രചെയ്തതോർക്കുന്നു. കുട്ടനാട്ടിൽ വെള്ളം ചതിക്കുകയില്ല എന്നൊരു വിശ്വാസം ബാലമനസ്സുകളിൽ പോലും വിടാതെ നില്ക്കുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. പിടിച്ചാൽ നില്ക്കാത്ത കുത്തിയൊഴുക്കുകളോ, എടുത്തുമറിക്കുന്ന തിരത്തള്ളലുകളോ, അനുഭവപ്പെട്ടിട്ടില്ല. രാത്രിയിൽ വള്ളത്തിൽ പോകുമ്പോൾ ''ഓളങ്ങളാകുന്ന കരങ്ങൾ കൊണ്ട്'' നദീജലം താളംപിടിക്കുന്നതുപോലെ തോന്നും. വെള്ളവും മനുഷ്യനും തമ്മിൽ നെടുനാളത്തെ നിരന്തര സമ്പർക്കം കൊണ്ട് പൊരുത്തം നേടി, പരസ്പരം ഇണങ്ങി മെരുങ്ങി, അഗാധമായ സ്നേഹബന്ധത്തിൽ വർത്തിക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്. വേലിയേററത്തിൽ 'ഓരു കയറുന്ന' ജലവിതാനമാണെങ്കിലും ആ ഉപ്പിന്റെ ശ്ലീവർപ്പു പോലും കുട്ടനാട്ടിലെ മനുഷ്യൻ മറന്നുപോകുന്നു. അഴുകിയ തൊണ്ടിന്റേയും വള്ളത്തിൽ പുരട്ടുന്ന മീൻ നെയ്യിന്റേയും വെയിലുകൊണ്ട് ഉണങ്ങിത്തുടങ്ങുന്ന കരിംചെളിയുടേയും കുമ്മായം ഉണ്ടാക്കുവാൻ വേണ്ടി ചൂളയിൽ നീററുന്ന കക്കയുടേയും ദുർഗന്ധങ്ങളും വിസ്മരിക്കപ്പെടുന്നു. ചുററുപാടുകളുടെ സുന്ദരഭാവങ്ങളും അനുകൂല വശങ്ങളും മാത്രമേ ശ്രദ്ധയിൽ പതിയുന്നുള്ളു.

## മനുഷ്യ നിർമാണം

എത്രയോ വർഷങ്ങൾ കഴിഞ്ഞിട്ടും, കുട്ടനാട്ടിനെപ്പററിയുള്ള ആഹ്ലാദകരമായ ആ അനുഭവങ്ങൾ എന്റെ മനസ്സിൽ മിഴിവോടെ നില്ക്കുന്നു. രാത്രി കാലങ്ങളിൽ നിശ്ചലമായ ജലപ്പരപ്പുകൾ കാണുമ്പോൾ ഞാൻ അവയെ അയവിറക്കി ആനന്ദിക്കാറുണ്ട്.

വിണ്ണിലെപ്പേരാറലയിൽ—ബാല
ചന്ദ്രന്റെ തോണി നീങ്ങുമ്പോൾ,
ഭൂതകാല സ്മൃതിച്ചാർത്തിൽ—ഇളം
കൈതമലർ വിരിയുമ്പോൾ,
തോടും നിലാവുമാത്തോപ്പും—കൂടി
യാടുന്ന സങ്കല്പ ചിത്രം.

എന്നെ എന്നും രോമാഞ്ചമണിയിക്കുമെന്നു നിശ്ചയമാണ്. അതി സുന്ദരമായ ഈ പ്രദേശം മുഴുവനും മനുഷ്യയത്നം കൊണ്ട് നിർമിച്ചതാണ് എന്ന വസ്തുതയും ഏററവും ശ്രദ്ധേയമായിരിക്കുന്നു. കിഴക്കൻ മലകളിൽ നിന്നു് ഒഴുകി വരുന്ന മൂന്നു നാല് നദികളുടെ പതനസ്ഥലത്തുള്ള വിശാലമായ വെള്ളക്കെട്ടുകളിൽ നിന്നാണ് കുട്ടനാട് ഉണ്ടായതെന്നു സ്പഷ്ടമാണ്. ഈ നദികൾ നേരെ കടലിൽ പതിക്കുന്നില്ല. ഇടയ്ക്കുള്ള വേമ്പനാട്ടു കായലിൽ ചേരുന്നതിനു മുമ്പ് അവ പരന്നൊഴുകി മിക്കവാറും മൂടിക്കളഞ്ഞ താണ ഭൂവിഭാഗമാണ് പില്ക്കാലത്ത് കുട്ടനാടായത്. അധിക ഭാഗവും വെള്ളവും ചതുപ്പും ഇടയ്ക്കിടയ്ക്കു മാത്രം അധികം പൊക്കമില്ലാത്ത ഉറച്ച തറയുമായി കിടന്ന ഈ പ്രദേശത്ത് പതുക്കെപ്പതുക്കെ മനുഷ്യൻ കുടിയേറിപ്പാർക്കുകയും തോടും ചാലും വരമ്പുകളും നിർമിച്ച് കൃഷിസ്ഥലങ്ങൾ നികത്തിയെടുക്കുകയും ചെയ്തു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നദികൾ കാടു നിറഞ്ഞ മലകളിൽ നിന്ന് ഒഴുക്കിക്കൊണ്ടു വരുന്ന എക്കലും വണ്ടലും തുടരെ വന്നടിയുന്നതു കൊണ്ട് ഇങ്ങനെ കിട്ടിയ നിലങ്ങൾക്ക് അസാമാന്യമായ ഫലപുഷ്ടിയുണ്ടാവുകയും അവിടത്തെ കൃഷി വളരെ ആദായകരമായിത്തീരുകയും ചെയ്തു. വർഷകാലത്ത് മലവെള്ളത്തിന്റേയും വേലിയേററത്തിൽ സമുദ്രത്തിൽ നിന്ന് കൊച്ചി അഴിമുഖം വഴി വേമ്പനാട്ടു കായലിലൂടെ വരുന്ന ഉപ്പുവെള്ളത്തിന്റേയും ഉപദ്രവത്തെ അതിവർത്തിക്കുവാനുള്ള ഉപായങ്ങളും അവിടത്തെ ചുററുപാടുകൾക്കു പററിയ കൃഷിസമ്പ്രദായങ്ങളും അനേകം തലമുറക്കാലത്തെ പരിചയവും കൂടക്കൂടെ നടത്തിയ ധീരമായ പരീക്ഷണങ്ങളും കൊണ്ട് കൃഷിക്കാർ കണ്ടുപിടിച്ചു. ഇങ്ങനെയാണ് കുട്ടനാട് ദക്ഷിണകേരളത്തിന്റെ നെല്ലറയായിത്തീർന്നത്.

ധാന്യത്തിന്റെ സമൃദ്ധികൊണ്ട് ജീവിതത്തിനുണ്ടാകുന്ന ധന്യതയും സന്തുഷ്ടിയും ആഹ്ളാദവും കാണണമെങ്കിൽ കൊയ്ത്തുകാലത്ത് കുട്ടനാട്ടിൽ പോകണമെന്ന് പറയാറുണ്ടായിരുന്നു. അതായിരുന്നു സാക്ഷാൽ ഐശ്വര്യം! ഭൂമിയെ നശിപ്പിക്കാതേയും പ്രകൃതിനിക്ഷേപങ്ങളെ എടുത്തു തീർക്കാതേയും മനുഷ്യന്റെ പ്രാഥമികമായ ജീവിതാവശ്യങ്ങൾക്കു വേണ്ട വിഭവങ്ങൾ വീണ്ടും വീണ്ടും വിളയിക്കുന്ന, കൃഷിക്കാരനു മാത്രം വശമുള്ള, ഉത്പാദനവിദ്യ.

അതിന്റെ മഹിമയും മററു് ഉത്പാദന സമ്പ്രദായങ്ങളിൽ നിന്നുള്ള വ്യത്യാസവും മനസ്സിലാക്കണമെങ്കിൽ ഇന്ന് മദ്ധ്യപൂർവദേശത്തു നടക്കുന്ന പണത്തിന്റെ കൊയ്ത്തു നോക്കിയാൽ മതി. ഖനിയെണ്ണ എത്രയോ കോടി വർഷങ്ങൾക്കു മുമ്പ് ഭൂഗർഭത്തിൽ ഉറഞ്ഞുകൂടിയതാണ്. അത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു വസ്തുവല്ല. എടുക്കുംതോറും തീർന്നുപോകും. ഒടുവിൽ നിശ്ശേഷം ഇല്ലാതാവുകയും ചെയ്യും. ഇന്നത്തെ തോതിൽ ഉപയോഗിച്ചുകൊണ്ടിരുന്നാൽ ഭൂമിയിൽ ആകെയുള്ള എണ്ണ മുഴുവനും ഇരുപത് വർഷംകൊണ്ട് മനുഷ്യൻ കത്തിച്ചു തീർക്കും എന്നാണ് ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നത്. അതോടെ മരുഭൂമിയിലെ പണക്കൊയ്ത്തും അവസാനിക്കും. പണം തിന്നാൻ കൊള്ളാത്തതുകൊണ്ട് അതു കൊടുത്ത് കൃഷിക്കാരന്റെ പക്കൽ നിന്ന് ആഹാരസാധനങ്ങൾ വാങ്ങിയാൽ മാത്രമേ ഈ കൊയ്ത്തിന്റെ ഫലം അനുഭവിക്കാൻ സാധിക്കുകയുള്ളു.

കുട്ടനാട്ടിലെ ഐശ്വര്യത്തിനു് ഈ വൈകല്യം ഇല്ലായിരുന്നു. നെല്ലിന്റെ അടിസ്ഥാനത്തിലാണ് അവിടെ വ്യക്തികളുടേയും സമൂഹത്തിന്റേയും ജീവിതത്തിലെ എല്ലാ ഘടകങ്ങളും പ്രവർത്തിച്ചിരുന്നത്. നെല്ല് പലിശയ്ക്കു കൊടുക്കുന്ന ഏർപ്പാടും ഉണ്ടായിരുന്നുവത്രെ. വളപ്പുരയില്ലാത്ത വലിയ വള്ളത്തിൽ നിറയെ നെല്ലു കയററി, അതിന്റെ പുറത്ത് ഉടമസ്ഥൻ ചത്രം പണിഞ്ഞ് കുടയും പിടിച്ച് ഇരുന്നു കൊണ്ട് സാവധാനം യാത്ര ചെയ്യുന്നത്

Digitized by Kerala Sahitya Akademi

കാണുന്നതുതന്നെ ആനന്ദമായിരുന്നു. ഈ വ്യവസ്ഥിതിയിൽ മനുഷ്യന്റെ ദുരാഗ്രഹവും കഠിനഹൃദയത്വവും മൂലം ഉണ്ടാകുന്ന ദുഃഖങ്ങളാണ് ഏററവും ദുസ്സഹമായി അനുഭവപ്പെട്ടത്. മടവീഴ്ചയും കൃഷിനാശവും പോലെയുള്ള അത്യാഹിതങ്ങളെ എല്ലാവരേയും ബാധിക്കുന്ന ഭാഗ്യദോഷങ്ങളായി കാണുവാനും ഒത്തൊരുമിച്ചുള്ള പ്രയത്നം കൊണ്ട് ഫലപ്രദമായി നേരിടുവാനും ''ഇക്കൊല്ലം പോയത് അടുത്ത കൊല്ലം കിട്ടും'' എന്ന ശുഭപ്രതീക്ഷയോടെ ആ ദുഃഖങ്ങളെ സഹിക്കുവാനും മനുഷ്യൻ ശീലിച്ചു. ഉടമസ്ഥാവകാശം ആർക്കായാലും ആ പ്രദേശത്തുള്ളവരുടെയെല്ലാം അദ്ധ്വാനമില്ലാതെ വിശാലമായ ആ പാടശേഖരങ്ങളിൽ നെല്ലു വിളയുകയില്ലെന്ന് സ്പഷ്ടമായിരുന്നു. എന്തെല്ലാം തർക്കങ്ങളും വഴക്കുകളും ഉണ്ടായാലും അവിടത്തെ വിളവിന്റെ ഒരു നല്ല അംശം ആ സമൂഹത്തിൽ വിതരണം ചെയ്യപ്പെടുമെന്നുള്ളതും തീർച്ചയായിരുന്നു.

## വളഞ്ഞ കാലുകൾ

ഈ സുവർണ്ണഭൂമിയിലെ ജീവിതത്തിന്റെ ദയനീയമായ മറെറാരു വശം ഞാൻ കണ്ടത് വീട്ടുവേലയ്ക്കു വന്ന കൊച്ചുകേശവൻ എന്ന സാധു ബാലന്റെ കാര്യത്തിലായിരുന്നു. അവന് അന്ന് പതിനഞ്ചു വയസ്സോളം പ്രായമുണ്ട്. നല്ല മുഖം. കിളുന്ന ശരീരം. പക്ഷേ, അവന്റെ നടപ്പിൽ എന്തോ വൈകല്യമുള്ളതായി എനിക്ക് തോന്നി. സൂക്ഷിച്ചുനോക്കിയപ്പോൾ അവന്റെ കാല്പത്തികൾ രണ്ടും വില്ലുപോലെ വളഞ്ഞിരിക്കുന്നതായി കണ്ടു. ''കൊച്ചുകേശവാ, നിന്റെ കാലുകൾ പിറവിയിലേ ഇങ്ങനെയാണോ?'' എന്നു ഞാൻ ചോദിച്ചു. അവൻ ചിരിച്ചുകൊണ്ടാണ് മറുപടി പറഞ്ഞത്: ''ഓ അല്ല. പാടത്ത് വെള്ളം വററിക്കുന്ന സമയത്ത് ചക്രം ചവിട്ടിയതു കൊണ്ട് വളഞ്ഞുപോയതാണ്. ഇതിവിടെ സാധാരണമല്ലേ! എന്റെ അച്ഛന്റെയും ചേട്ടന്മാരുടേയും എല്ലാം കാല് ഇങ്ങനെ വളഞ്ഞാണിരിക്കുന്നത്.'' ഇതു കേട്ടപ്പോൾ എനിക്കുണ്ടായ ദുഃഖം സഹിക്കാൻ കഴിഞ്ഞില്ല. ഡീസൽ യന്ത്രവും പമ്പും വരുന്നതിനു മുമ്പ് ഇരുപതും ഇരുപത്തിനാലും ഇലകളുള്ള വലിയ മരച്ചക്രങ്ങൾ ഉപയോഗിച്ചാണ് വരമ്പു കുത്തിയ വിശാലമായ പാടങ്ങളിലെ വെള്ളം വററിച്ചിരുന്നത്. എത്രയോ ദിവസം രാപ്പകൽ തുടർച്ചയായി അദ്ധ്വാനിച്ചാൽ മാത്രമേ വെള്ളം മുഴുവനും പുറത്തു കളയുവാൻ സാധിക്കുകയുള്ളു. അങ്ങേയററം ക്ലേശകരമായ ഈ ജോലിക്ക് മുതിർന്നവരും കുട്ടികളും ചിലപ്പോൾ സ്ത്രീകളും പോയിരുന്നു. ഇങ്ങനെയുള്ള അദ്ധ്വാനം കൊണ്ടാണ് കൊച്ചുകേശവന്റെ നിർദ്ധനകുടുംബം പുലർന്നത്. അവന് അതോർത്ത് എനിക്കു തോന്നിയതുപോലെയുള്ള ദുഃഖമൊന്നും ഉണ്ടായില്ല എന്നു കണ്ട് ഞാൻ അദ്ഭുതപ്പെട്ടു. പണിയെടുക്കാതെ ജീവിക്കാൻ സാധിക്കുകയില്ല എന്ന തത്ത്വജ്ഞാനം അവൻ ആ ചെറു പ്രായത്തിൽ തന്നെ ഹൃദിസ്ഥമാക്കിയിരുന്നു. എന്നല്ല, അദ്ധ്വാനിച്ചാൽ മൂന്നു നേരവും വയറു നിറച്ചു ചോറുണ്ണാവുന്ന ചുററുപാടുകൾ കുട്ടനാട്ടിൽ ലഭ്യമാണ് എന്നതിൽ അവൻ സംതൃപ്തനാണെന്നും എനിക്കു തോന്നി. ''ജോലി ചെയ്തു ജീവിക്കുവാൻ ബാദ്ധ്യസ്ഥനായതുകൊണ്ട് ഒരു മനുഷ്യനും അനുതാപം അർഹിക്കുന്നില്ല, ജോലിചെയ്ത് സുഖമായി ജീവിക്കാൻ സാധിക്കുന്നതുതന്നെയാണ് ഏററവും വലിയ ഭാഗ്യം.'' എന്ന് അമേരിക്കൻ പ്രസിഡണ്ടായിരുന്ന തിയോഡോർ റൂസവെൽററ് പറഞ്ഞത് ഈ സന്ദർഭത്തിൽ ഓർമിച്ചുപോകുന്നു. എങ്കിലും ശരീരത്തിന് വൈകല്യം വരുത്തുന്ന അധ്വാനം വർജിക്കേണ്ടതുതന്നെയാണെന്ന് ഞാൻ കരുതുന്നു. ഗുരുതരമായ പല ദോഷങ്ങളും ഉള്ളതാണെങ്കിലും ഈ വിഷയത്തിൽ ആധുനിക യന്ത്രയുഗം മനുഷ്യരാശിക്ക് ഒരു മഹാനുഗ്രഹമാണെന്ന് സമ്മതിക്കാതെ തരമില്ല. എല്ലും തോലും മാത്രമായി, നടക്കുവാൻപോലും ശക്തിയില്ലാത്ത സാധു മൃഗങ്ങളെക്കൊണ്ട് വൻപിച്ച ഭാരം വലിപ്പിക്കുകയും നടന്നില്ലെങ്കിൽ അടിച്ചു പുറം പൊളിക്കുകയും ചെയ്യുന്ന കാളവണ്ടിക്കാരുടെ കണ്ണിൽ ചോരയില്ലാത്ത ക്രൂരത കാണുമ്പോഴും ഈ ചിന്ത ഉണ്ടാകാറുണ്ട്. (ചിത്രം ഒന്ന് നോക്കുക)



(ചിത്രം 1) കുട്ടനാടും പരിസരങ്ങളും

ഇങ്ങനെ മനുഷ്യൻ ചോര നീരാക്കി നിർമ്മിച്ച ഇന്നത്തെ 'കുട്ടനാട്' ''ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര എന്നീ ഏഴു താലൂക്കുകളിലെ അമ്പത്തിനാലു വില്ലേജുകളും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ മൂന്നു താലൂക്കുകളിലെ ഇരുപത്തഞ്ചു വില്ലേജുകളുമുൾപ്പെട്ട എഴുപത്തൊമ്പത് വില്ലേജുകളിൽ പെട്ട ഭൂപ്രദേശമാണ്. വടക്ക് വൈക്കവും ചേർത്തലയും തെക്ക് പന്തളവും മാവേലിക്കരയും കിഴക്ക് എം. സി. റോഡും പടിഞ്ഞാറ് കടൽത്തീരവുമെന്ന് കുട്ടനാടിന്റെ നാലതിരുകളെ സാമാന്യമായി പറയാവുന്നതാണ്. പമ്പ, അച്ചൻകോവിൽ, മണിമല, മീനച്ചിൽ എന്നീ നാലു നദികൾ കായലിൽ വന്നു ചേരുന്നതിന്റെ തൊട്ടുള്ള നദീതട പ്രദേശമാണ് കുട്ടനാട് എന്നും പറയാവുന്നതാണ്.

കുട്ടനാടിന്റെ മൊത്തം വിസ്തീർണം 630 ച. മൈലാണ്. ഇതിൽ പകുതിയും സമുദ്രജലവിതാനത്തിൽ നിന്ന് ഒരു മീററർ മുതൽ മൂന്നു മീററർവരെ താഴ്ചയുള്ള കുട്ടനാടൻ നെൽവയലുകളാണ്. ഏതാണ്ട് 1300—ഓളം ബ്ലോക്കുകൾ, അഥവാ പാടശേഖരങ്ങൾ ആയാണ് ഈ വയലുകൾ കിടക്കുന്നത്. കൃഷിക്കാലത്തു മാത്രമേ വെള്ളം വററിച്ചു കൃഷിയിടങ്ങൾ വെള്ളത്തിനടിയിൽ നിന്ന് വീണ്ടെടുക്കുകയുള്ളു. കൃഷിയി

Digitized by Kerala Sahitya Akademi

നിന്നുവരുന്ന ഉറവകളിൽ നിന്നാണെന്നു പറഞ്ഞാൽ ആ ഉറവകളുടെ ഉദ്ഭവം എന്തെന്ന് വിശദീകരിക്കണം. പ്രകൃതിയുടെ അനുഗ്രഹത്താൽ വെള്ളത്തിന്റെ ക്ഷാമം അറിഞ്ഞിട്ടില്ലാത്ത നാം ഇതൊന്നും അന്വേഷിച്ചിട്ടില്ല എന്ന താണ് സത്യം. ഇസ്രായേലിനെപ്പോലെയുള്ള രാഷ്ട്രങ്ങൾ തങ്ങളുടെ മണ്ണിൽ വീഴുന്ന ഓരോ തുള്ളി വെള്ളത്തിന്റെയും കണക്കും ചരിത്രവും ഭൂമിശാസ്ത്രവും ഗതിവിഗതികളും നിഷ്കൃഷ്ടമായി പഠിക്കുന്നു. ആ അറിവിനെ പരമാവധി പ്രയോജനപ്പെടുത്തുന്നു. നാം അണക്കെട്ടുകൾ നിർമിക്കുന്നു, കാടുകൾ വെട്ടിത്തെളിക്കുന്നു, വനഭൂമികൾക്ക് വളമുള്ള കാലത്തോളം അവിടെ കൃഷിയും ചെയ്യുന്നു. പക്ഷേ, ആ കിഴക്കൻ മലകളിൽ നിന്നു വരേണ്ട വെള്ളത്തിന്റെ ലഭ്യതയെ ഈ പ്രയോഗങ്ങൾ എങ്ങനെ ബാധിക്കുമെന്ന് ആരും ആലോചിക്കുന്നില്ല. ബെർലിൻ നഗരത്തിന്റെ മധ്യഭാഗത്ത് ഇരുപത്തേഴ് ചതുരശ്ര മൈൽ വിസ്താരമുള്ള ഒരു കാടു നിർത്തിയിരിക്കുന്നതു കണ്ട് അതിന്റെ ആവശ്യമെന്തെന്ന് വഴികാട്ടിയായി വന്ന പെൺകുട്ടിയോട് ഞാൻ ചോദിച്ചു. അല്പമൊരു അദ്ഭുതഭാവത്തിൽ അവൾ മറുപടി പറഞ്ഞു: ''ഇതറിഞ്ഞുകൂടേ? മുകളിലേയ്ക്കെന്നപോലെ മണ്ണിന്നടിയിലേയ്ക്കും ഈ കാട് വളർന്നുനില്ക്കുകയാണ്. അടിയിലുള്ള വേരുകളുടെ കാട് ഒരു സ്പഞ്ച് പോലെ വെള്ളം പിടിച്ചുവെയ്ക്കും. ആ വെള്ളമാണ് ഞങ്ങൾക്കു കിട്ടുന്നത്. നോർവേയുടെ തലസ്ഥാനമായ ഓസ്ലോ നഗരത്തിൽ ഇതിനേക്കാൾ എത്രയോ വിസ്തൃതമായ കാടുണ്ട്.''

കുട്ടനാട്ടിലെ നെല്പാടങ്ങളുടെ ഫലപുഷ്ടി കണ്ട് അവിടെ വർഷംതോറും രണ്ടു തവണ കൃഷിചെയ്ത് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കണമെന്നു നിശ്ചയിച്ചപ്പോൾ, ആ ഫലപുഷ്ടിക്ക് വെള്ളപ്പൊക്കത്തിന്റെ സംഭാവനയെന്തെന്ന് ഒരു വിദഗ്ധനും അന്വേഷിച്ചില്ല. മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞാൽ രാസവളം ഉപയോഗിക്കാമെന്നും തവളയുടെ വംശവിച്ഛേദം വരുത്തി വിദേശനാണ്യം സമ്പാദിക്കുമ്പോൾ കൊതുകും മുഞ്ഞയും വർദ്ധിച്ച് മനുഷ്യന്റേയും നെൽച്ചെടിയുടേയും അസ്തിത്വംതന്നെ അപകടത്തിലായാൽ പ്രാണിവിഷം തളിച്ച് രക്ഷനേടാമെന്നും ഉള്ള അമേരിക്കൻ പ്രതിവിധിയിലാണ് എല്ലാവരും വിശ്വാസമർപ്പിച്ചത്. വെള്ളപ്പൊക്ക നിയന്ത്രണത്തിനു വേണ്ടി നിർമിച്ച തോട്ടപ്പള്ളി സ്പിൽവേയുടെ ഗതി ഇങ്ങനെ ആയിട്ടും തണ്ണീർമുക്കം ബണ്ടിന്റെ നിർമാണം ഉപേക്ഷിച്ചില്ല. ദീർഘകാലത്തെ പ്രായോഗിക പരിചയത്തിന്റെയും സാമാന്യ ബുദ്ധിയുടേയും പേരിൽ ഈ പദ്ധതി ആപത്താണെന്നും അതേപ്പററി പുനരാലോചന നടത്തണമെന്നും കുട്ടനാട്ടിലെ കർഷകർ അഭ്യർത്ഥിച്ചെങ്കിലും അത് അധികാരികളും വിദഗ്ധന്മാരും ചെവിക്കൊണ്ടില്ല. ഉപ്പുവെള്ളം കയറുന്നത് തടയുന്നതുമൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ ജോൺ അബ്രഹാം എന്ന കർഷകൻ 1955 ജനുവരിയിൽ 'മലയാള മനോരമ'യിൽ എഴുതിയ ഒരു ലേഖനം ഞാൻ കണ്ടിട്ടുണ്ട്. ഒരു കൃഷിക്കാരന്റെ അനുഭവജ്ഞാനമല്ലാതെ മറെറാരു സാങ്കേതികവൈദഗ്ധ്യവും അവകാശപ്പെട്ടില്ലെങ്കിലും അദ്ദേഹം അതിൽ നല്കിയ താക്കീതുകൾ അക്ഷരംപ്രതി സാധൂകരിക്കപ്പെട്ടതായിട്ടാണ് ഇന്നു കാണുന്നത്. എന്നല്ല, കുനിന്മേൽ കുരുവെന്നപോലെ, ആരും പ്രതീക്ഷിക്കാതെ വന്നു കയറിയ 'ആഫ്രിക്കൻ പായൽ' എന്ന മഹാവിപത്തും അക്ഷരാർത്ഥത്തിൽതന്നെ കുട്ടനാട്ടുകാരുടെ ഗതി മുട്ടിച്ചു. പിന്നത്തെ പത്തുപതിനഞ്ചു വർഷത്തിനിടയ്ക്ക് ഈ നീർച്ചെടി ആ പ്രദേശത്തെ ജലവിഗാനത്തെ മുഴുവനും മൂടിക്കളഞ്ഞു. കേരളത്തിനാകെ വന്നിരിക്കുന്ന ആപത്താണിത്. ഇവിടത്തെ കുളങ്ങളും തോടുകളും മററു ജലാശയങ്ങളും ജലവൈദ്യുതി പ്രോജക്ററുകളിലെ റിസർവോയറുകളുമെല്ലാം ഈ ചെടിയുടെ ആക്രമണത്തിന് വിധേയമായിരിക്കുകയാണ്. എന്നാലും, അതൊരു ശുദ്ധജലസസ്യമായതിനാൽ, ഉപ്പുവെള്ളം കയറുവാൻ സൗകര്യമുണ്ടായിരുന്നെങ്കിൽ കുട്ടനാട്ടിൽ അതങ്ങനെ പടർന്നു പിടിക്കുമോ എന്ന് ന്യായമായി സംശയിക്കാവുന്നതാണ്. അതുമൂലം അവിടത്തെ ഗതാഗതം ആകപ്പാടെ സ്തംഭിച്ചിരിക്കുന്നു.

പുസ്തകജ്ഞാനം മാത്രം കൈമുതലായുള്ള നമ്മുടെ സാങ്കേതികവിദഗ്ധന്മാരുടെ നോട്ടക്കുറവും കഴിവുകേടുംകൊണ്ടുണ്ടായ ഈ മഹാസങ്കടം ഈ രാജ്യത്തിനുതന്നെ എത്രമേൽ ലജ്ജാവഹമാണെന്നു കാണിക്കുവാൻ വെള്ളത്തിനടിയിൽ നിന്ന് കൃഷിഭൂമി വീണ്ടെടുക്കുവാൻ മറെറാരു രാജ്യത്തു നടത്തിയ പരിശ്രമത്തെക്കുറിച്ചുകൂടി ഒരു വാക്കു പറയട്ടെ. ആധുനികമനുഷ്യന്റെ ഏററവും മഹത്തായ നേട്ടം എന്തെന്നു ചോദിച്ചപ്പോൾ യശശ്ശരീരനായ ജെ. ബി. എസ്. ഹാൾഡേയ്ൻ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ, ''ഡച്ചുകാർ സമുദ്രത്തിൽ നിന്ന് ഭൂമി വീണ്ടെടുത്ത മഹാദ്ഭുതം'' എന്ന് മറുപടി പറഞ്ഞതോർക്കുന്നു. ''അവർ കടലിൽ കെട്ടിയ ഭീമാകാരങ്ങളായ ബണ്ടുകൾക്കു മുകളിലൂടെ കാറോടിച്ചു പോയപ്പോൾ പല സ്ഥാനങ്ങളിലും വെച്ച് കരകാണാൻ കഴിയാതെ വന്നതുകൊണ്ട് എന്റെ മനസ്സ് ഭയവിഹ്വലമായതോർക്കുന്നു.'' എന്നുകൂടി അദ്ദേഹം പ്രസ്താവിച്ചു. ഹോളണ്ട് (ഡച്ചുഭാഷയിൽ ഇതിന്റെ ഉച്ചാരണം ഹൊലന്തെ എന്നാണ്. അതിൽനിന്നാണ് ഡച്ചുകാർക്ക് മലയാളത്തിൽ ലന്തക്കാർ എന്ന പേരു വന്നത്. 'ലന്തപറങ്കിയുമിങ്കിരിയസ്സും' എന്നു കുഞ്ചൻനമ്പ്യാർ.) ഒരു ചെറിയ രാജ്യമാണ്. ഭൂവിസ്തൃതി 33,612 ചതുരശ്ര കിലോമീററർ. (കേരളം: 38,855 ച. കി. മീ) ജനസംഖ്യ 1970–ൽ 130 ലക്ഷം. (കേരളത്തിൽ അന്ന് 213 ലക്ഷം) (ചിത്രം 2 നോക്കുക.) 1927–ൽ ആരംഭിച്ച ഒരു ബൃഹത്പദ്ധതിയിലൂടെ 5,52000 ഏക്കർ ഭൂമി സ്യൂയ്ഡർസീ എന്നു പറയുന്ന വലിയ ഉൾക്കടലിൽ നിന്ന് ബണ്ടു കെട്ടി വെള്ളം വററിച്ചെടുക്കുവാൻ അവർ പരിപാടിയിട്ടു. ഇത് അവരുടെ മൊത്തം ഭൂവിസ്തൃതിയുടെ 6.75 ശതമാനമാണ്. കോർണേലിസ്‌ലെലി എന്ന മഹാനായ




(ചിത്രം 2)
ഹോളണ്ടിലെ ഭൂസമ്പാദനപദ്ധതി. 1, 2, 3, 4, 5 എന്നിവയാണ് കടലിൽ നിന്നു വീണ്ടെടുത്ത സ്ഥലങ്ങൾ. ഓരോന്നിന്റേയും ഏക്കർകണക്കിലുള്ള വിസ്താരവും കാണിച്ചിട്ടുണ്ട്

Digitized by Kerala Sahitya Akademi

# പരസ്യമല്ല, രഹസ്യവുമല്ല

## എം. ഗോവിന്ദൻ

ഓലയിൽ താഴംപൂവു പോലവേ കൈത്തണ്ടയിൽ
ഓമനക്കിടാവുമായ് ദമ്പതിമാരെത്തവേ,
പാതിയേ തുറന്നിട്ട ജനലിൽക്കൂടി കണി
കാണുന്ന വാഴ്‌വിൻ മറിമായവും മാനങ്ങളും.
കല്യാണം കഴിഞ്ഞൊട്ടു കാലമായ്, കുഞ്ഞില്ലെന്ന
നല്ലൊരു പരാതിയായ് ഇണകളണയുമ്പോൾ,
പതറും തൊണ്ട, കണ്ണിൽ നീർപ്പാട, മുഖവാട്ടം;
പതിരോ, കതിർ താനോ? പരിശോധന വേണം.
പതിവായ് കാലത്തവരെത്തുന്നു പിഴയ്ക്കാതെ;
പതിനഞ്ചു നാൾ തഞ്ചുമീ ബെഞ്ചിൽക്കുറെ നേരം.
അയൽപക്കത്തെച്ചായക്കടയിൽ അലമേലു
അരിയാട്ടുമ്പോൾ കണ്ണൻ കാട്ടിയ കാട്ടാളത്തം,
അങ്ങാടിനിലവാരം, 'ആനന്ദവികട'നിൽ
അണ്ണാച്ചിക്കഥ, 'മാലമുരശി'ന്നരിശങ്ങൾ,
എം. ജി. ആർ. ചിത്രം കണ്ട തഞ്ചാവൂക്കാരൻ ചെട്ടി
മഞ്ചലിലാസ്‌പത്രിയിൽ ചെരിഞ്ഞ ചരിതങ്ങൾ—
വാ തോരാതേ, തു കാതെന്നോരാതെ, ചൊല്ലിൽച്ചൊല്ലായ്
വാഴമീ വാതിൽപ്പുറവിരുന്നാളുകളേവം.
അഴികൾക്കിങ്ങേപ്പുറം, കൈയറ്റ നാൽക്കാലിയിൽ
എഴുതാനെഴും പേറ്റുനോവായ് ഞാൻ കഴിയുന്നു,
നോവിനു വഴി തേടി വന്നവർ കൂട്ടം കൂടി [ഞാനും.
നോവിന്മേൽ നോവായ്; ''ശെത്തംപോടാതെ''യെന്നായ്
ആരു കേൾക്കുവാൻ? വായിൽ നന്നാലു നാവുള്ളോർക്കും
ആരാന്റെ ചെത്തമേല്‌ക്കാൻ മേലാത്ത കാൽക്കാതുകൾ!
ഒരു കൊല്ലമായ് ചന്തം ചമഞ്ഞേ ചാരത്തെത്തി,
നറുപുഞ്ചിരി തൂകിപ്പിഞ്ചിനെയഞ്ചിക്കൊഞ്ചി,
താലത്തിൽ കർപ്പൂരമായ്, പൂക്കളായ്, പഴമായ്, പി—
ന്നാലെ അമ്മൂമ്മ, തൊണ്ണു പിളരും പിള്ളച്ചിരി!
അമ്മയുമമ്മൂമ്മയുമപ്പനും, ഡാക്കുരമ്മ—
യ്ക്കുമ്മ വെയ്ക്കുവാൻ കുഞ്ഞും, ഓമ്മയ്ക്കു ''ചുമ്മാതൊന്നും.''
താലത്തിലല്ല, വെള്ളത്താളിലേ കവിതകൾ,
താമസിച്ചാണെങ്കിലും, പുസ്തകരൂപത്തിലായ്.
കടിഞ്ഞൂൽകൃതിയല്ലേ? താരാട്ടിത്താലോലിച്ചു
കടി കൊള്ളുമ്പോളെന്തോ സംഭവിച്ചെന്നേ തോന്നി.
വേലി നൂണ്ടാല പൂകി വെള്ളാടിൻ കിടാവുകൾ,
കാലത്തിൻ പാലക്കണ്ണിൽ വെള്ളമായ്പ്പല വർഷം.
തിരയിൽപ്പടംപോലെ, നിവർന്നു നീളുന്നോരോ
തുടരും പടരുമായ് ജീവിതവിലാസങ്ങൾ.
പുസ്തകപ്രകാശനയോഗത്തിലദ്ധ്യക്ഷനായ്
വിസ്തരിച്ചേതോ ചൊല്ലി തിരിച്ചെത്തിയേയുള്ളൂ.
അഴകായവരന്നും വരവായ്, വാതിൽപ്പുറം,
പഴയ പതിവുകാർ; എത്ര മക്കളോ ലക്ഷ്യം?
കാലമീയിണകളെക്കവച്ചു ചാടിപ്പോയോ?
കാലിന്മേൽ കാലേറ്റി വെച്ചാലോചിച്ചിരുന്നു ഞാൻ.
കൊല്ലങ്ങളിവർക്കേതു കൊല്ലന്റെ കൈയാലയോ
കല്പിച്ചു മെയ്യുമൂട്ടി ചെറുപ്പം വിളക്കുവാൻ!
കരിവീട്ടിയിൽ വാർന്ന വാരെഴുമുരുവങ്ങൾ
ഉയരെ, വാനോരുടെ വരവും പകർത്തിയോ?
കാലത്തിനല്ല കുറ്റം, കല്‌പനയ്ക്കത്രേ; ഇവർ—
ക്കായുസ്സിലെന്നും പതിനാറുമല്ലുറുപത്തും.
അപ്പന്റെ പയ്യൻ മകൻ; അമ്മ തന്മോളേ മകൾ;
അദ്‌ഭുതമിതിലെന്തു കൂറുവാൻ, കുറിക്കുവാൻ?
പണ്ടിരുകൈത്തൊട്ടിലിൽക്കിടന്നിങ്ങണഞ്ഞവർ
കൊണ്ടു വന്നിന്നു വെള്ളിത്താലത്തിൽ ക്ഷണക്കുറി.
മംഗളമഞ്ഞ ചാർത്തി നാളത്തെ മണമകൾ,
പൊൻകസവണിയുടയാടയായ് മണവാളൻ.
മനസ്സിൽ വിരുന്നമായ് വരുന്നോർക്കിന്നാവശ്യം
മരുന്നല്ലല്ലോ, ഡാക്കുരമ്മ തൻ നൽച്ചൊല്ലുകൾ.
വാഴ്‌വിലെ വള്ളൂറിൽ വേലിയേറുമ്പോൾ, വിത്തിൻ
വേരിലേയ്ക്കിറങ്ങിയ വേദന പിന്മാറുന്നു!
കനിയും ശിരസ്സിങ്കലാശിസ്സും കൈക്കുടന്ന
കതിരും പൂവും ചൂടി അവരങ്ങനെ നില്‌ക്കേ,
മൂന്നു പേരുടെ കണ്ണിലൂറുന്ന നിറവുള്ളി
തെന്നുന്നു, തെളിയുന്നു, മിന്നുന്നു മുഴുമുത്തായ്!
കാൺമു ഞാനിക്കാഴ്‌ചയും, മിഴിയിൽത്തഴയ്ക്കുന്ന—
തെന്തു ഭാവമോ, ണഭിമാനമോ, അസൂയയോ?
ഏട്ടിലെപ്പശുക്കളെ മേയ്ക്കുന്ന ഗോവിന്ദൻ ഞാൻ.
നാട്ടിലെ ശിശുക്കളെ നോക്കുന്ന തുണക്കാരി!

എൻജിനീയറാണ് ഈ പദ്ധതിയുടെ പിതാവ്. അദ്ദേഹത്തെ ആ രാജ്യക്കാർ മൂന്നു പ്രാവശ്യം മന്ത്രിയാക്കി. ഈ പദ്ധതിയിലെ പല സ്ഥാപനങ്ങൾക്കും അദ്ദേഹത്തിന്റെ പേരു കൊടുത്തു. 1918-ൽ ഇങ്ങനെ ഒരു ആശയം ഉണ്ടായപ്പോൾ അതിന് മാതൃകയായി സ്വീകരിക്കുവാൻ ലോകത്തിലെങ്ങും അതുപോലെയുള്ള ഒരു ഉദ്യമം ഇല്ലായിരുന്നു. ഒരുപക്ഷേ, അന്നും കുട്ടനാട്ടിലെ കൃഷിക്കാർ, ആയിരക്കണക്കിലല്ലെങ്കിൽ നൂറു കണക്കിൽ ഏക്കറെങ്കിലും വരുന്ന കായൽ നിലങ്ങൾ വെള്ളം വറ്റിച്ചെടുത്ത് കൃഷി തുടങ്ങിയിരിക്കാം. ഡച്ചുകാർക്ക് ആധുനിക യന്ത്രയുഗത്തിന്റെ സർവ്വസന്നാഹങ്ങളും ഉണ്ടായിരുന്നു. പക്ഷേ, കുട്ടനാട്ടിലെ സാഹസികരായ കർഷകർക്ക് തെങ്ങിൻ തടിയും മുളയും ഇലച്ചക്രവും സ്വന്തം കൈകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

പദ്ധതി നടപ്പിലാക്കാൻ നിശ്ചയിക്കുന്നതിനു മുമ്പ് കോർണേലിസ് ലെലി കൈക്കൊണ്ട മുൻകരുതലുകളാണ് നമുക്കിവിടെ ശ്രദ്ധാർഹമായിരിക്കുന്നത്. അദ്ദേഹം ഹോളണ്ടുകാരനും നോബെൽ സമ്മാനം നേടിയ ഭൗതിക ശാസ്ത്രജ്ഞനുമായ ഹെൻഡ്രിക് ലോറെൻറ്സ് എന്ന മഹാന്റെ സഹായം അഭ്യർത്ഥിച്ചു. ഇരുപതിൽ പരം മൈൽ നീളമുള്ള ഒരു ബണ്ടു കെട്ടി കടലിനെ തടഞ്ഞു നിർത്തുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പഠിക്കുവാനും ഈ പദ്ധതിയിൽ അന്തർഭവിക്കുന്ന ഭൗതികശക്തികളുടെ ആഘാത പ്രത്യാഘാതങ്ങൾ നിർണ്ണയിച്ച് നിർദ്ദേശങ്ങൾ നല്‌കുവാനുമാണ് ലെലി അദ്ദേഹത്തോട് അപേക്ഷിച്ചത്. അന്ന് കംപ്യൂട്ടറും മറ്റും ഇല്ലായിരുന്നതുകൊണ്ട് ലോറെൻറ്സ് ഒരു വലിയ സംഘം സഹപ്രവർത്തകരെ നിയമിച്ച് ഗംഭീരമായ ഒരു ഗണിത വിദ്യായത്നം ആരംഭിച്ചു. ഇത് എട്ടു വർഷം നീണ്ടു നിന്നു. തിരമാലകളുടെ ഉയരങ്ങളും ആഘാതത്തിന്റെ ആയവും വേലിയേറ്റത്തിന്റേയും ഇറക്കത്തിന്റേയും ഗതിവിഗതികളും കടലിൽ വീഴുന്ന നദികളിലെ ജലത്തിന്റെ അളവുകളും ഒഴുക്കിന്റെ ശക്തിയും എന്നുവേണ്ട വൻപിച്ച ഈ പ്രക്രിയയിൽ അന്തർഭവിക്കുന്ന സർവ ഘടകങ്ങളും വിസ്തരിച്ചുള്ള പഠനത്തിനും ഗവേഷണത്തിനും വിഷയമായി. ലോറെൻറ്സ് ഒരു അഥേറാമിക്ക് ശാസ്ത്രജ്ഞനായിരുന്നു. റിലേറ്റിവിറ്റിയിലും ക്വാണ്ടം തിയറിയിലും എല്ലാം അദ്ദേഹത്തിന്റെ വിലയേറിയ സംഭാവനകളുണ്ട്. എന്നാലും രാജ്യനന്മയ്ക്കുവേണ്ടി കടലിൽ അണകെട്ടണമെന്നുവന്നപ്പോൾ അതിന്റെ പ്രശ്നങ്ങൾ പഠിക്കുവാനും സമുദ്രജലത്തിന്റെ ഉയർച്ചയേയും താഴ്ചയേയും പറ്റി ഗവേഷണം നടത്തുവാനും അതിന്റെ കൃത്യമായ ഗണിതനിയമങ്ങൾ കണ്ടുപിടിക്കുവാനും വേണ്ടി സമയം ചെലവഴിക്കുന്നതിന് അദ്ദേഹം മടിച്ചില്ല. അദ്ദേഹത്തെക്കാൾ കുറഞ്ഞ വൈഭവമുള്ള ഒരു ശാസ്ത്രജ്ഞന്റെ സേവനംകൊണ്ട് കോർണേലിസ് ലെലി തൃപ്തിപ്പെടുകയും ഇല്ലായിരുന്നു.

ഈ ദീർഘദൃഷ്ടിയും ശാസ്ത്രീയബുദ്ധിയും രാജ്യസ്നേഹവും ഉണ്ടാക്കിയെടുക്കുവാൻ വന്നവരിൽ ഇല്ലാതെ പോയതാണ് കുട്ടനാടിനുണ്ടായ ഭാഗ്യദോഷം. ആ പ്രദേശത്തിനു മാത്രമല്ല രാജ്യത്തിന് മുഴുവനും ഇതൊരു സാധാനപാഠമാണ്. എത്രയോ ലക്ഷം ജനങ്ങളുടെ ദൈനംദിന ജീവിതത്തേയും ദീർഘകാല ഭാഗധേയങ്ങളേയും പകുതി ദഹിച്ച അറിവിന്റെ അടിസ്ഥാനത്തിൽ മാറ്റിമറിക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ വലിയ ആപത്തില്ല. എത്രയോ തലമുറകളിലെ അനുഭവം കൊണ്ട് സാമാന്യജനങ്ങൾ മനസ്സിലാക്കിയിട്ടുള്ള പാഠങ്ങളെ പുച്ഛിച്ചു തള്ളുകയല്ല, അങ്ങേയറ്റം ബഹുമാനിക്കുകയാണ് വേണ്ടത്. അറിഞ്ഞുകൂടാത്ത കാര്യങ്ങളെപ്പറ്റി ആധികാരികഭാവത്തിൽ അഭിപ്രായം പറയുന്നതും വിധി കല്പിക്കുന്നതുമല്ല ശാസ്ത്രീയസംസ്കാരം. അറിവു വേണ്ടിടത്ത് അറിവില്ലാതെ മറ്റൊന്നും പകരം വെയ്ക്കുവാൻ സാധിക്കുകയില്ല; വെച്ചാൽ ഫലിക്കുകയുമില്ല.

കുട്ടനാട്ടിലെ കായൽരാജാവെന്ന് പ്രസിദ്ധനായിരുന്ന മുരിക്കനുമായി ഞാൻ ഒരിക്കൽ സംസാരിച്ചിട്ടുണ്ട്. ആ മനുഷ്യന്റെ വിനയവും മിതഭാഷിത്വവും എന്നെ അത്യധികം ആകർഷിച്ചു. ലോകത്തെ മുഴുവനും അരനിമിഷംകൊണ്ട് അഴിച്ചുപണിയു

(ശേഷം 47-ാം പേജിൽ)

Digitized by Kerala Sahitya Akademi

